# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 02 | 2023 |
| --- | --- | --- |

ശബരിമല പത്രക്കുറിപ്പ് - 3

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന; 40,000 രൂപ പിഴ ഈടാക്കി

ശബരിമല: സന്നിധാനത്തെ ഹോട്ടലുകളിലും കച്ചവട സ്ഥാപനങ്ങളിലും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ പരിശോധന കർശനമാക്കി. ഡിസംബർ 31 മുതൽ ജനുവരി 2 വരെ നടത്തിയ പരിശോധനയിൽ നിരവധി ക്രമക്കേടുകൾ ക ത്തി. ഇവരിൽ നിന്നും 40,000 രൂപ പിഴ ഈടാക്കി.

മകരവിളക്ക് മഹോത്സവ കാലത്തെ തിരക്ക് മുതലെടുത്ത് ഭക്തജനങ്ങളെ ചൂഷണം ചെയ്യുന്നത് തടയാനാണ് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ രാത്രിയും പകലും പരിശോധന നടത്തിയത്. പാക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കൾക്ക് എം ആർ പിയെക്കാൾ കൂടുതൽ വില ഈടാക്കുക, ഹോട്ടലുകളിൽ പാകം ചെയ്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾക്ക് നിശ്ചയിച്ച അളവിലും തൂക്കത്തിലും കുറവ് വരുത്തുക, അമിത വില ഈടാക്കുക തുടങ്ങിയ ക്രമക്കേടുകളാണ് പ്രധാനമായും ക ത്തിയത്. വിരിവെക്കാൻ അനുവദനീയമായ 30 രൂപയെക്കാൾ ഈടാക്കുന്നതായും ശൗചാലയ ഉപയോഗത്തിന് അമിത വില വാങ്ങുന്നതായും ക ത്തി. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്നും ക്രമക്കേട്

നടത്തുന്ന സ്ഥാപങ്ങൾക്കെതിരെ അടച്ചു പൂട്ടൽ ഉൾപ്പടെയുള്ള നടപടി സ്വീകരിക്കുമെന്നും സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് എൽ സജികുമാർ അറിയിച്ചു.

(പി.ആർ. ശബരി- 226)

